സി5-17944/15

**പഞ്ചായത്ത് രാജ് നിയമത്തിലും അനുബന്ധ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായി ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് 21.06.2017 ന് പഞ്ചായത്ത് ഡയറക്ട്രേറ്റിൽ വച്ച് നടന്ന ശില്പശാലയുടെ മിനിട്ട്സ്**

കേരള പഞ്ചായത്ത് രാജ് നിയമത്തിലും അനുബന്ധ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് ശില്പശാല 21.06.2017 ബുധനാഴ്ച രാവിലെ 11 ന് ജോയിന്റ് ഡയറക്ടറുടെ (വികസനം) അദ്ധ്യക്ഷതയിൽ പഞ്ചായത്ത് ഡയറക്ടറുടെ ചേംമ്പറിൽ ചേർന്നു.

**യോഗത്തിന്റെ ഹാജർ**

1) പ്രഫുല്ല ചന്ദ്രൻ. എസ്, സീനിയർ സൂപ്രണ്ട്, ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം
2) സുരേഷ്. എം.എസ്, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഇടുക്കി
3) ഷഫീക്ക്. പി.എം, സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്
4) കെ. വിനോദ്കുമാർ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കാസറഗോഡ്
5) സതീഷ്കുമാർ.ജി.കെ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
6) ജി. ഹരികൃഷ്ണൻ, പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്
7) രമേഷ്. കെ.എസ്സ്, സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്
8) സുരേഷ്കുമാർ. വി, ജൂനിയർ സൂപ്രണ്ട്, പോത്തൻകോട് ഗ്രാമപഞ്ചായത്ത്
9) ജെ.എമേഴ്സൺ, സെക്രട്ടറി, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്
10) സന്തോഷ്കുമാർ.ജെ.എസ്, സെക്രട്ടറി, നിരണം ഗ്രാമപഞ്ചായത്ത്
11) സുരേഷ്കുമാർ.എസ്, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
12) ശ്യാംകുമാർ.കെ.യു, സെക്രട്ടറി, ചെറിന്നിയൂർ ഗ്രാമപഞ്ചായത്ത്
13) ഷിബുകുമാർ, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
14) എസ്. എസ്.ബിജി, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
15) എസ്.ബിജു, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
16) ഷാജഹാൻ.എ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
17) അനിൽകുമാർ. വി, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
18) വി.ബിനുകുമാർ,ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കൊണ്ടോട്ടി, മലപ്പുറം
19) ഡി.സജുലാൽ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ട്രേറ്റ്
20) ബിനുൻ വാഹിദ്, സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, അഞ്ചൽ, കൊല്ലം
21) ബി.സതീഷ്, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡയറക്ട്രേറ്റ്

ഡി & ഒ ലൈസൻസ്, വസ്തുനികുതി പരിഷ്ക്കരണം, പ്രൊഫഷണൽ ടാക്സ്, ഉദ്യോഗസ്ഥരുടെ മേലിലുള്ള നിയന്ത്രണം, (ജീവനക്കാര്യം) പദ്ധതി രൂപീകരണം, പഞ്ചായത്തിന്റെ ചുമതലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പ്, സാമൂഹ്യസുരക്ഷിതത്വ പെൻഷൻ, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, സ്റ്റാൻഡിംഗ് കമ്മിറ്റി, സ്ഥാപന നികുതി, നിലവിലെ ഫീസുകളും, പിഴകളും വർദ്ധിപ്പിക്കുന്നത്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലകൾ, വക്കീൽ ഫീസ് നൽകൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു.

**ചർച്ച സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. **ഡി & ഒ ലൈസൻസ് :-** ഡി & ഒ ലൈസൻസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ് അനുവദിക്കുന്നത് എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം. ഡി & ഒ റൂൾസ് ചട്ടം (3) പ്രകാരമുള്ള പട്ടിക 1 ൽ കാലികമായ പരിഷ്ക്കരണം നടത്തി കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തണം. ഡി & ഒ ഫീസ് നിരക്കും പിഴയും കാലികമായി വർദ്ധിപ്പിക്കണം. പഞ്ചായത്തുകൾ ലൈസൻസ് അനുവദിക്കുന്ന അധികാരി എന്ന നിലയിൽ നിന്നു മാറി, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാവിധ സ്ഥാപനങ്ങൾ / വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രഥമിക ലൈസൻസിംഗ് അതോറിറ്റി എന്നനിലയിൽ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തണം ട്രേഡിന്റെ പരിധിയിൽ വരാത്തതും എന്നാൽ പഞ്ചായത്ത് ലൈസൻസ് നൽകി നിയന്ത്രിക്കേണ്ടതുമായ എല്ലാ സംരംഭങ്ങളും കെ.പി.ആർ.സെക്ഷൻ 232 ന്റെ പരിധിയിൽ വരുത്തുകയും അവയ്ക്ക് ചട്ടം രൂപപ്പെടുത്തുകയും വേണം.

   എല്ലാ നികുതി ഫീസ് മാർഗ്ഗങ്ങളും സോഫ്റ്റ് വെയർ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്ത് 100 % വരുമാനം ഉറപ്പാക്കണം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിലേയ്ക്ക് വാണിജ്യ നികുതി വകുപ്പിന്റെ (ജി.എസ്.റ്റി)സാക്ഷ്യപത്രം ഹാജരാകണം എന്ന നിബന്ധന ഉൾപ്പെടുത്തണം.

   ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഫൈൻ, പ്രോസിക്യൂഷൻ നടപടികൾ മാത്രമാണ് നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. ലൈസൻസ് ഇല്ലാത്ത സ്ഥാപനം അടച്ച് പൂട്ടുന്നതിനുള്ള വ്യവസ്ഥയും നടപടിക്രമങ്ങളും ചട്ടത്തിന്റെ ഭാഗമാക്കണം. മൊബൈൽ ടവറുകൾ കെ.പി.ആർ സെക്ഷൻ 233 ന്റെ പരിധിയിൽ കൊണ്ട് വരുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

2. **വസ്തുനികുതി പരിഷ്ക്കരണം:-** പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ പരിഷ്ക്കരണം വേണം. ചട്ടങ്ങളിലെ സങ്കീർണ്ണമായ വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ജനോപകാരപ്രദമായ രീതിയിൽ നിലവിലെ ചട്ടം ഭേദഗതി ചെയ്യണം. കെട്ടിട നിർമ്മാണ പെർമിറ്റ്/റഗുലറൈസേഷൻ, നമ്പറിംഗ് സംബന്ധമായ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ചുമതലയും ഉത്തരവാദിത്വങ്ങളും ചട്ടങ്ങളിൽ കൃത്യമായി വ്യവസ്ഥ ചെയ്യണം. ആരാധനാ കേന്ദ്രങ്ങളിൽ ഓഡിറ്റോറിയം മതപഠനത്തിന്റെ പേരിൽ നികുതി അടക്കുന്നില്ല ഇതിൽ മാറ്റം വരുത്തണം. നിയമവിരുദ്ധ കെട്ടിടങ്ങളുടെ പൊളിക്കൽ സംബന്ധിച്ച നടപടി ക്രമങ്ങൾ (വകുപ്പ് 235 ഡബ്ല്യൂ) നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ജപ്തി നടപടിക്രമങ്ങൾ എന്നിവ ഉൾപ്പെടുത്തി ചട്ടങ്ങൾ രൂപീകരിക്കണം. വസ്തുനികുതി എന്നത് കെട്ടിട നികുതി എന്ന് മാറ്റണം.

നിലവിൽ ക്വാറികൾ, ക്രഷറുകൾ വ്യവസായ ശാലകൾ എന്നിവ ഡി & ഒ ലൈസൻസ് ഫീസ്, വസ്തുനികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് അടവ് വരുത്തുന്നത്. ടി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലെ റോഡുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ മറ്റ് വിഭവങ്ങളും ഉപയോഗിക്കുന്നുവെങ്കിലും മറ്റ് യാതൊരുവിധ ഫീസും ഈടാക്കുന്നില്ല. ആയതിനാൽ പ്രദേശത്തെ ഫാക്ടറി/വ്യവസായശാലകൾ, ആഡിറ്റോറിയം, ക്വാറികൾ, ക്രഷുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന് ആനുപാതമായി നിശ്ചിത തുക സർവ്വീസ് ചാർജ്ജ് രൂപത്തിൽ ഈടാക്കുന്നതിന് വ്യവസ്ഥകൾ വേണം.

ലോഡ്ജുകൾ, ഓഡിറ്റോറിയങ്ങൾ ഹോംസ്റ്റേ, സർവ്വീസ് വില്ല, റിസോർട്ടുകൾ എന്നിവയ്ക്ക് ഉയർന്ന ഫീസ് ഈടാക്കി, ഇവയുടെ നിയന്ത്രണം പഞ്ചായത്തിന് സാദ്ധ്യമാകുന്ന രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കണം.

3. **തൊഴിൽ നികുതി :-** തൊഴിൽ നികുതി പുനരവലോകനം നടത്തണം. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങൾ നടത്തുന്നതുകൊണ്ട് ഒറ്റ നികുതി മാത്രമാണ് അയ്ക്കുന്നത്. ഇതിൽ മാറ്റം വരുത്തണം. സ്ഥാപനനികുതി ഈടാക്കുന്നത് റേഷൻ കടകളെ ഉൾപ്പെടുത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ റേഷൻ കടക്കാർ സ്ഥാപന നികുതി അടയ്ക്കാൻ തയ്യാറാകുന്നില്ല. ആയതിനാൽ സ്ഥാപന നികുതിയിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഉൾപ്പെടുത്തണമെന്ന് പരിശോധിച്ചു ചട്ടത്തിൽ ലിസ്റ്റ് ഉൾപ്പെടുത്തണം.

ഉദ്യോഗസ്ഥരെ പ്രസിഡന്റ് സസ്പെന്റ് ചെയ്താൽ 3 മാസത്തിനകം അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കണമെന്ന വ്യവസ്ഥകൾ, 3 മാസത്തിനുള്ളിൽ തിരിച്ചെടുത്തില്ലെങ്കിൽ നിയമനധികാരിക്ക് ഇടപെടാനുള്ള വ്യവസ്ഥ ഉണ്ടാകണം.

ജീവനക്കാരെ സസ്പെന്റ് ചെയ്യാനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റിൽ നിന്നു മാറ്റി പഞ്ചായത്ത് കമ്മിറ്റിയ്ക്ക് അധികാരം നൽകണം. ചട്ടം 22 ലെ വ്യവസ്ഥ പ്രകാരം ഉദ്യോഗസ്ഥരുടെയോ ജനപ്രതിനിധികളുടെയോ പ്രവർത്തനം മൂലം പഞ്ചായത്തിനു ണ്ടാകുന്ന സാമ്പത്തിക നഷ്ടം സെക്ഷൻ 253 പ്രകാരം അവരിൽ നിന്ന് ഈടാക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ സെക്ഷൻ 253 നിലവിലില്ല. അത് നിലവിൽ വരുത്തണം.

പദ്ധതി രൂപീകരണവും, ഫണ്ട് വിനിയോഗം സംബന്ധിച്ച തീരുമാനത്തിന്മേൽ ഭരണസമിതിയ്ക്ക് കൂടി ബാദ്ധ്യത വരുന്ന രീതിയിൽ നിയമനിർമ്മാണം നടത്തണം. കൂടാതെ സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നവയിൽ മുഴുവൻ ബാദ്ധ്യതയും സെക്രട്ടറി ഒഴികെയുള്ള ഭരണസമിതിയ്ക്ക് ചുമത്തുന്നതിന് വ്യവസ്ഥ വേണം.

ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ഭരണസമിതി അംഗങ്ങളെ തെരെഞ്ഞെടുക്കുന്ന പ്രക്രിയയുമായി ബന്ധപ്പെട്ട ജോലികൾ വോട്ടർപട്ടിക പുതുക്കൽ തുടങ്ങി നിരന്തരം ബൃഹത്തായ തെരെഞ്ഞെടുപ്പ് പ്രക്രിയകൾ നടത്തേണ്ടതുണ്ട്. ആയതിനാൽ ജോയിന്റ് ഡയറക്ടർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇവരുടെ നേതൃത്വത്തിൽ ജില്ല/ സംസ്ഥാന തലങ്ങളിൽ സ്ഥിരം ഇലക്ഷൻ വിഭാഗം രൂപീകരിക്കേണ്ടതാണ്.

വിട്ട് കിട്ടിയ സ്ഥാപനങ്ങൾ ഇപ്പോഴും അതാത് വകുപ്പുകളായി തന്നെ നിലനിൽക്കുന്ന അവസ്ഥയാണുള്ളത്. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ വരുത്തുന്നതിനുള്ള നിയമ ഭേദഗതി വരുത്തേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചട്ടത്തിൽ ഉൾപ്പെടു ത്തണം.

സ്റ്റാന്റിംഗ് കമ്മറ്റികൾ തമ്മിലുള്ള ഇടവേള ജനറൽ കമ്മിറ്റിപോലെ 30 ദിവസത്തിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. അടിയന്തിര സാഹചര്യം ഒഴികെ വരുന്ന വിഷയങ്ങളിൽ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം ഇല്ലാതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. നിർവചിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കമ്മിറ്റി വിളിച്ച് കൂട്ടാത്ത അദ്ധ്യക്ഷൻമാരുടെ പദവി സെക്രട്ടറി യുടെ റഫറൻസിന്മേൽ തെരെഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിന് വിധേയമായി അയോഗ്യത കല്പിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരുന്നില്ല. ഇത് ആക്റ്റിൽ വ്യവസ്ഥ ചെയ്യണം. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി വിട്ട് കിട്ടിയ സ്ഥാപന ങ്ങളിലെ സീനിയർ ഉദ്യോഗസ്ഥരെ നിയമിച്ച് ആക്റ്റിലും ചട്ടത്തിലും ഭേദഗതി വരുത്തണം. അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഒരു നടപടി ക്രമം ചട്ടത്തിൽ ഉൾപ്പെടുത്തണം. നിലവിലെ വ്യവസ്ഥയോടൊപ്പം 7 മീറ്ററിൽ കൂടുതൽ ഉയരത്തിൽ വളരുന്ന വൃക്ഷങ്ങൾ അതിരിൽ നിന്ന് 3 മീറ്റർ മാറ്റി നടുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ഉൾപ്പെടുത്തണം.

നിലവിലെ ലൈസൻസ് ഫീസ്, മറ്റ് ഫീസുകൾ പിഴകൾ എന്നീ കാലാകാലമായി വർദ്ധിപ്പിക്കാനുള്ള നടപടിക്രമം ചട്ടത്തിൽ ഉൾപ്പെടുത്തണം.

അഭിഭാഷകരുടെ ജില്ലാതല പാനൽ ആവശ്യമാണ് ഇത് ചട്ടത്തിൽ ഉൾപ്പെടുത്തണം. വക്കീൽ ഫീസ് കീഴ്കോടതികളുടെ ഫീസ് അവ്യക്തതയിൽ വ്യക്തത വരുത്തണം.

പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും ഉൾപ്പെടാത്ത വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തുകളെ ചുമതല ഏൽപ്പിക്കുന്നത് ഒഴിവാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തണം.

ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റും പരിഷ്ക്കരിക്കുകയും ഏകീകരിക്കുകയും വേണം.

ഇത് സംബന്ധിച്ച ശില്പശാലകൾ ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുന്നതിനും അത്തരത്തിൽ ജില്ലകളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി പരിശോധിച്ച് നിലവിലുള്ള പഞ്ചായത്ത് രാജ് നിയമത്തിലും അനുബന്ധചട്ടങ്ങളിലും ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് തുടർനടപടി കൈക്കൊള്ളാനും ഇതു സംബന്ധിച്ച അറിയിപ്പ് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകുന്നതിനും ശില്പശാലയിൽ ലഭിച്ച നിർദ്ദേശങ്ങൾക്ക് അനുസൃതമായ ഭേദഗതി പ്രൊപ്പോസലുകൾ ലഭ്യമാക്കാൻ കമ്മിറ്റി അംഗങ്ങളോട് അഭ്യർത്ഥിച്ചും തീരുമാനിച്ചു.

ശില്പശാല 1 മണിക്ക് അവസാനിച്ചു.

(ഒപ്പ്)

**എം.എസ്.നാരായണൻ നമ്പൂതിരി**
ജോയിന്റ് ഡയറക്ടർ (വികസനം)

അംഗീകാരത്തോടെ

സൂപ്രണ്ട്

(എച്ച്)11.07.2017